പി.ഐ.യു 16664/2018

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി,12.12.2018
Website: www.cooperation.kerala.gov.in
Email: keralarcs.coop@kerala.gov.in

## സർക്കുലർ നമ്പർ – 63/18

വിഷയം:- സഹകരണ വകുപ്പ്- കെയർ ഹോം പദ്ധതി–നിർമ്മാണ ചുമതല സഹകരണ സ്ഥാപനങ്ങൾ നേരിട്ട് നടത്തുന്നത് – സംബന്ധിച്ച്.

പരാമർശം:-
1. സർക്കാരിന്റെ 17.09.2018–ലെ സ.ഉ(സാധാ) നം.554/2018/സഹ നമ്പർ ഉത്തരവ്.
2. സർക്കാരിന്റെ 01.10.2018–ലെ സ.ഉ(സാധാ) നം.568/2018/സഹ നമ്പർ ഉത്തരവ്.
3. സർക്കാരിന്റെ 05.11.2018–ലെ ഡി.എം1/14/2017/ഡി.എം.ഡി നമ്പർ പരിപത്രം.
4. സർക്കാരിന്റെ 22.11.2018–ലെ സ.ഉ(സാധാ) നം.650/2018/സഹ നമ്പർ ഉത്തരവ്.

കേരള സർക്കാർ സഹകരണ വകുപ്പ് മുഖേന നടപ്പാക്കി വരുന്ന കെയർ ഹോം പദ്ധതിയുടെ നിർവ്വഹണം സംബന്ധിച്ച് പദ്ധതി നിർവ്വഹണത്തിന്റെ മാർഗ്ഗ രേഖ അംഗീകരിച്ച് മേൽ പരാമർശങ്ങൾ പ്രകാരം ഉത്തരവായിരുന്നു. ഭവന നിർമ്മാണത്തിന് ആവശ്യമായ നിർമ്മാണ സാമഗ്രികൾ വാങ്ങുന്നത് നടപടി ക്രമങ്ങൾ പാലിച്ചു കൊണ്ട് യഥാവിധി ചെയ്യേണ്ടതിന്റെ ചുമതല പൂർണ്ണമായും ഗുണഭോക്താവിൽ നിക്ഷിപ്തമായിരിക്കും. ഗുണഭോക്താവിന്റെ പേരിൽ ലഭിക്കുന്ന സാധന സാമഗ്രികളുടെ ബില്ലുകൾ ജി.എസ്.റ്റി യിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ളതാണ്. ആയതിനാൽ ഭവന നിർമ്മാണ ചുമതല കോൺട്രാക്റ്റ് വ്യവസ്ഥയിൽ ഇടനിലക്കാർക്ക് നൽകുന്നത് പൂർണ്ണമായും ഒഴിവാക്കണമെന്ന് നിർദ്ദേശിക്കുന്നു. പദ്ധതി നടത്തിപ്പിന് നിയോഗിക്കപ്പെട്ട സഹകരണ സംഘത്തിന്റെ ചുമതലയിൽ പദ്ധതി പൂർണ്ണമായും പൂർത്തീകരിക്കപ്പെടേണ്ടതാണ്.

പദ്ധതി നിർവ്വഹണത്തിനായി അനുവദിച്ചിട്ടുള്ള തുകയ്ക്ക് പുറമെ സന്നദ്ധ സംഘടനകൾ, വ്യക്തികൾ എന്നിവർ സാമ്പത്തികമായും അല്ലാതെയും നൽകുന്ന സഹായം ഭവന നിർമ്മാണത്തിന് ഉപയോഗിക്കാവുന്നതാണ്.

മഹാത്മാഗാന്ധി തൊഴിൽ ഉറപ്പു പദ്ധതി പ്രകാരം 90 തൊഴിൽ ദിനങ്ങൾ ഭവന നിർമ്മാണത്തിന് ഉപയോഗപ്പെടുത്താവുന്നതാണ്.

ഭവന നിർമ്മാണത്തിനായി ലഭ്യമായിട്ടുള്ള സ്ഥലം, മുൻപ് ഉരുൾപ്പൊട്ടൽ ഉണ്ടായതോ ഭാവിയിൽ ഉരുൾപ്പൊട്ടൽ ഉണ്ടാകാൻ സാധ്യത ഉള്ളതോ ആയി ദുരന്ത നിവാരണ വിഭാഗം രേഖപ്പെടുത്തിയിട്ടുള്ള പ്രദേശങ്ങളിൽ ഉൾപ്പെടാത്ത താണെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട് പാലിക്കപ്പെടുന്നു എന്ന് ജില്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ)മാർ ഉറപ്പാക്കേണ്ടതാണ്.

വിശ്വസ്തതയോടെ,
(ഒപ്പ്),
എസ്. ഷാനവാസ്.ഐ.എ.എസ്
സഹകരണ സംഘം രജിസ്ട്രാർ.

പകർപ്പ്:
1. സെക്രട്ടറി, സഹകരണ വകുപ്പ്.
2. സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്.
3. അഡീഷണൽ രജിസ്ട്രാർ (ജനറൽ)
4. എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ)മാരും
5. എല്ലാ താലൂക്ക് അസിസ്റ്റന്റ് രജിസ്ട്രാർമാരും(ജോയിന്റ് രജിസ്ട്രാർമാർ മുഖാന്തിരം).
6. എല്ലാ സഹകരണ സംഘങ്ങളും (താലൂക്ക് അസിസ്റ്റന്റ് രജിസ്ട്രാർമാർ മുഖാന്തിരം.
7. സഹകരണ സംഘം രജിസ്ട്രാർ ഓഫീസിലെ ജില്ലാതല ചുമതലയുള്ള ഉദ്യോഗസ്ഥർ
8. സ്റ്റോക്ക് ഫയൽ

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ (ഇ.ബി സെക്ഷൻ)

ടി.കെ